**മഹാത്മാഗാന്ധി സർവ്വകലാശാല**

**(സംഗ്രഹം)**

**ബി.ടെക് കോഴ്സ് - ഇയർ ഔട്ട് പുനഃപ്രവേശനം - 2017-18 അധ്യയന വർഷം - ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ ഉത്തരവുകൾ - ഹർജിക്കാരുടെ പരാതികൾ - പ്രത്യേക കേസ് ആയി പരിഗണിച്ച് - നടപ്പിലാക്കി - ഉത്തരവാകുന്നു.**

**അക്കാദമിക് എ4 വിഭാഗം**

സ.ഉ.നം. 532/1/എIV/അക്കാദമിക്/2018 തീയതി, പി.ഡി. ഹിൽസ്, 22/01/2018

വായിക്കുക:-(1) 2010 മുതൽ പ്രാബല്യത്തിലുള്ള മഹാത്മാഗാന്ധി സർവകലാശാല ബി.ടെക് റഗുലേഷൻ ക്ലോസ് 14.

(2) സർക്കാർ ഉത്തരവ് (Ms) No. 93/2015/H.Edn തീയതി 11/3/2015.

(3) സ.ഉ. നമ്പർ 4901/AIV/1/Acad/2016 തീയതി 31/8/2016.

(4) ശ്രീമതി. നന്ദിത റ്റി.കെ. ഫയൽ ചെയ്ത WA നം. 1730/2017-ൻ മേലുള്ള 18/08/2017-ലെ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ഉത്തരവ്.

(5) എറണാകുളം കറുകുറ്റി എസ്.സി.എം.എസ് സ്കൂൾ ഓഫ് എഞ്ചിനീയറിംഗ് & ടെക്നോളജിയിലെ ബി.ടെക് ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിംഗ് 6-ാം സെമസ്റ്റർ വിദ്യാർത്ഥികളായ സർവശ്രീ. കാർത്തിക് ബി., ശ്രീരാജ് എസ്. എന്നിവർ ഫയൽ ചെയ്ത WP(C)നം. 32021/2017.

(6) എറണാകുളം കറുകുറ്റി എസ്.സി.എം.എസ് സ്കൂൾ ഓഫ് എഞ്ചിനീയറിംഗ് & ടെക്നോളജിയിലെ 6-ാം സെമസ്റ്റർ ബി.ടെക് കമ്പ്യൂട്ടർ സയൻസ് & എഞ്ചിനീയറിംഗ് വിദ്യാർത്ഥികളായ സർവശ്രീ. ശ്രീഹരി ആർ., വിവേക് വിജയൻ, ഷഹസാദ് മുഹമ്മദ് എന്നിവർ ഫയൽ ചെയ്ത WP(C) നം. 32071/2017.

(7) എറണാകുളം കറുകുറ്റി എസ്.സി.എം.എസ്. സ്കൂൾ ഓഫ് എഞ്ചിനീയറിംഗ് & ടെക്നോളജിയിലെ 6-ാം സെമസ്റ്റർ ബി.ടെക് ഓട്ടോ മൊബൈൽ എഞ്ചിനീയറിംഗ് വിദ്യാർത്ഥിയായ ശ്രീ. ജസ്സൽ വർഗ്ഗീസ് ഫയൽ ചെയ്ത WP(C) No. 32116/2017.

(8) ഇടുക്കി, പൈനാവ് ഗവൺമെന്റ് കോളേജ് ഓഫ് എഞ്ചിനീയറിംഗിലെ 6-ാം സെമസ്റ്റർ ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ് വിദ്യാർത്ഥികളായ സർവശ്രീ. പ്രേമിൽ പി., ജസിം എം.ഇ., ഷാഹിൻ എന്നിവർ ഫയൽ ചെയ്ത WP(C)നം. 33885/2017.

(9) തൃശൂർ ചെറുതുരുത്തി കോളേജ് ഓഫ് എഞ്ചിനീയറിംഗിലെ വിദ്യാർത്ഥികൾ ഫയൽ ചെയ്ത WP(C) No. 28677/2017.

(10) WP(C)നം. 32021/2017, 32071/2017, 32116/2017, 33885/2017, 28677/2017 എന്നീ റിട്ട് ഹർജികളിന്മേലുള്ള 09/11/2017-ലെ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ പൊതു ഉത്തരവ്.

(11) 09/11/2017-ലെ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി വിധി നടപ്പിലാക്കുന്നത് സംബന്ധിച്ച വിഷയം അക്കാദമിക് കൗൺസിലിന്റെ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിക്കാനുള്ള ബഹു. വൈസ് ചാൻസിലറുടെ 22/12/2017-ലെ ഉത്തരവ്.

(12) 94/2018, 101/2018, 106/2018, 107/2018 എന്നീ നമ്പറുകളിലായി ബഹു. കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്യപ്പെട്ട കോടതിയലക്ഷ്യ ഹർജികൾ.

(13) എ.പി.ജെ. അബ്ദുൾ കലാം ടെക്നോളജിക്കൽ സർവകലാശാല രജിസ്ട്രാറുടെ 28/12/2017-ാം തീയതിയിലെ KTU/A/1394/2017-ാം നമ്പർ കത്ത്.

**ഉത്തരവ്**

**മുകളിൽ പരാമർശിച്ച ഒന്നാം പേപ്പർ പ്രകാരം 2010 അഡ്മിഷൻ മുതലുള്ള ബി.ടെക് കോഴ്സിന്റെ ഏതെങ്കിലും സെമസ്റ്ററിൽ മതിയായ ഹാജർ നേടാത്ത വിദ്യാർത്ഥികൾ സെമസ്റ്റർ എൻഡ് (അവസാന) പരീക്ഷാ രജിസ്ട്രേഷനോ ക്ലാസ് കയറ്റത്തിനോ അർഹരല്ല. ഇത്തരത്തിലുള്ള**

വിദ്യാർത്ഥികൾ പ്രസ്തുത സെമസ്റ്റർ ജൂനിയർ ബാച്ചിനൊപ്പം പുനഃപ്രവേശനം നേടി വീണ്ടും പഠിക്കേണ്ടതാണ്.

മുകളിൽ പരാമർശിച്ച (2)-ാം പേപ്പർ പ്രകാരം കേരളത്തിൽ ബിരുദ, ബിരുദാനന്തരതല സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഘട്ടം ഘട്ടമായി മാതൃ സർവകലാശാലകളിൽ നിന്നും വേർപെടുത്തി എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക സർവകലാശാലയിൽ അഫിലിയേറ്റ് ചെയ്ത് വരുന്നു. മഹാത്മാഗാന്ധി സർവകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള സെന്റർ ഫോർ പ്രൊഫഷണൽ & അഡ്വാൻസ്ഡ് സ്റ്റഡീസിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിലൊഴികെയുള്ള കോളേജുകളിൽ ബി.ടെക് 8-ാം സെമസ്റ്റർ റഗുലർ ബാച്ചുകൾ മാത്രമേ മഹാത്മാഗാന്ധി സർവകലാശാലയുടേതായി നിലവിലുള്ളൂ.

മഹാത്മാഗാന്ധി സർവകലാശാലയും എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക സർവകലാശാലയും ഉഭയ സമ്മത പ്രകാരം മഹാത്മാഗാന്ധി സർവകലാശാലയിൽ ബി.ടെക്/എം.ടെക് കോഴ്സ് കാലാവധി മധ്യേ റഗുലേഷൻ വ്യവസ്ഥകൾ പാലിക്കപ്പെടാത്തതിനാൽ, പഠനം മുടങ്ങുന്ന വിദ്യാർത്ഥികൾക്ക് അന്തർ സർവകലാശാല മാറ്റം വഴി എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക സർവകലാശാലയുടെ കീഴിൽ തങ്ങളുടെ പഠനം തുടരുന്നതിന് മുകളിൽ പരാമർശിക്കപ്പെട്ട (3)-ാം പേപ്പർ പ്രകാരമുള്ള സർവകലാശാല ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥകൾക്ക് വിധേയമായി അനുവാദം നൽകിയിട്ടുണ്ട്. ഇത്തരത്തിൽ അന്തർസർവകലാശാല മാറ്റം വഴി പുനഃപ്രവേശനം നേടുന്നതിന് വിദ്യാർത്ഥികൾ താഴ്ന്ന സെമസ്റ്ററുകൾ എല്ലാം തന്നെ മാതൃ സർവകലാശാലയിൽ നിന്നും വിജയകരമായി പൂർത്തിയാക്കണം.

മുകളിൽ പരാമർശിക്കപ്പെട്ട (4)-ാം പേപ്പർ പ്രകാരം തിരുവനന്തപുരം കോളേജ് ഓഫ് ആർക്കിടെക്ചറിലെ 3-ാം സെമസ്റ്റർ ബി.ആർക് വിദ്യാർത്ഥിയായ ശ്രീമതി. നന്ദിത റ്റി.കെ. ഫയൽ ചെയ്ത റിട്ട് അപ്പീലിൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ടി വിദ്യാർത്ഥി പ്രവേശനം നേടിയ മാതൃ സർവകലാശാലയുടെ സ്കീം, സിലബസ്, കരിക്കുലം എന്നിവ പ്രകാരം തന്നെ കോഴ്സ് പൂർത്തീകരിക്കുവാൻ ടിയാൾക്ക് അനുമതി നൽകി. ഈ വ്യവഹാരത്തിൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ നിരീക്ഷണം ഇപ്രകാരമാണ്. ഒരു വിദ്യാർത്ഥി ഒരു കോഴ്സിന് പ്രവേശനം നേടുമ്പോൾ ഏത് സർവകലാശാലയുമായാണോ അഫിലിയേറ്റ് ചെയ്യുന്നത്, ആ സർവകലാശാലയുടെ റഗുലേഷനായിരിക്കണം ആ കോഴ്സിന്റെ ആദ്യാവസാനം ആ വിദ്യാർത്ഥിക്ക് ബാധകമാക്കേണ്ടത്. കോഴ്സ് വിജയകരമായി പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾക്ക് പരീക്ഷ നടത്തി സർട്ടിഫിക്കറ്റ് നൽകേണ്ടതും മാതൃ സർവകലാശാലയാണ്. ഇങ്ങനെയുള്ള വിദ്യാർത്ഥികൾ കോഴ്സ് കാലാവധിക്ക് മധ്യേ ഡിസ്കണ്ടിന്യൂ ചെയ്താലും അവർ സാങ്കേതിക സർവകലാശാലയുടെ കീഴിൽ പുനഃപ്രവേശനം നേടേണ്ട ആവശ്യം ഉദിക്കുന്നില്ല. അവരെ ഒരു ഇടവേള (break)ക്ക് ശേഷം പഠനം തുടരുന്നവരായാണ് പരിഗണിക്കേണ്ടത്. ഇവർ കോഴ്സ് പൂർത്തീകരിക്കേണ്ടത് മാതൃ സർവകലാശാലയുടെ കരിക്കുലം, റഗുലേഷൻസ്, സ്കീം എന്നിവ അനുസരിച്ചായിരിക്കണം ഇവരുടെ പരീക്ഷകൾ നടത്തേണ്ടത് മാതൃ സർവകലാശാലയോ ഉഭയകക്ഷി സമ്മത പ്രകാരം സാങ്കേതിക സർവകലാശാലയോ ആയിരിക്കണം. കൂടാതെ ഈ വിദ്യാർത്ഥികൾക്ക് കോഴ്സ് പൂർത്തീകരിക്കുന്നതിനായി ഒരു സൗകര്യ ദാതാവ് (ഫെസിലിറ്റേറ്റർ) ആയി സാങ്കേതിക സർവകലാശാല വർത്തിക്കണം.

മുകളിൽ പരാമർശിക്കപ്പെട്ട (5), (6), (7) എന്നീ പേപ്പറുകൾ പ്രകാരം ശ്രീ. ശ്രീഹരി മുതൽ പേരായ ചില വിദ്യാർത്ഥികൾ 6-ാം സെമസ്റ്ററിൽ മതിയായ ഹാജർ ഇല്ലാത്തതുമൂലം പ്രസ്തുത സെമസ്റ്റർ ജൂനിയർ ബാച്ചിനൊപ്പം പുനഃപ്രവേശനം നേടി പഠനം തുടരേണ്ട വിദ്യാർത്ഥികളാണ്. എന്നാൽ മഹാത്മാഗാന്ധി സർവകലാശാലയുടെ കീഴിൽ പ്രസ്തുത കലാലയങ്ങളിൽ ജൂനിയർ ബാച്ചുകളില്ല. ടി വിദ്യാർത്ഥികൾ 1 മുതൽ 5 വരെയുള്ള സെമസ്റ്ററുകൾ വിജയകരമായി പൂർത്തിയാക്കാതിരുന്നതിനാൽ സൂചന (3) പ്രകാരം അന്തർ സർവകലാശാല മാറ്റം വഴി തങ്ങൾക്ക് സാങ്കേതിക സർവകലാശാലയിൽ പഠനം തുടരാൻ കഴിയാത്ത സാഹചര്യത്തിൽ പരാതികളുമായി ബഹു. കേരള ഹൈക്കോടതിയെ സമീപിച്ചു. ബഹുമാനപ്പെട്ട കോടതി സമാന വിഷയങ്ങളിലെ ഹർജികളെല്ലാം ഒരുമിച്ച് പരിഗണിച്ച് മുകളിൽ പരാമർശിച്ചിട്ടുള്ള (10)-ാം പേപ്പർ പ്രകാരമുള്ള ഉത്തരവ് പുറപ്പെടുവിച്ചു. ഈ ഉത്തരവനുസരിച്ച് മുകളിൽ പരാമർശിച്ച (4)-ാം പേപ്പർ പ്രകാരമുള്ള വിധി മുകളിൽ പരാമർശിച്ചിട്ടുള്ള (5), (6), (7),

(8), (9) എന്നീ പേപ്പറുകൾ പ്രകാരമുള്ള ഹർജികൾക്കും ബാധകമാണെന്ന് ഉത്തരവാകുകയും ഈ വിധിപ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കുവാൻ ബന്ധപ്പെട്ട സർവകലാശാലകൾക്ക് നിർദ്ദേശം നല്കുകയും ചെയ്തു. മുകളിൽ പരാമർശിക്കപ്പെട്ട (11)-ാം പേപ്പർ പ്രകാരം ടി കോടതിവിധി നടപ്പിലാക്കുന്നത് സംബന്ധിച്ച് തീരുമാനമെടുക്കുവാൻ അക്കാദമിക് കൗൺസിലിന്റെ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ വൈസ് ചാൻസിലർ ഉത്തരവിട്ടു.

എന്നാൽ മുകളിൽ പരാമർശിച്ചിട്ടുള്ള (12)-ാം പേപ്പർ പ്രകാരമുള്ള കോടതിയലക്ഷ്യ കേസുകൾ ഫയൽ ചെയ്തിട്ടുള്ള സാഹചര്യത്തിൽ കോടതിവിധികൾ അടിയന്തിരമായി നടപ്പിലാക്കേണ്ടുന്നതിനാൽ വൈസ് ചാൻസിലർ 1985-ലെ മഹാത്മാഗാന്ധി സർവകലാശാല നിയമം അദ്ധ്യായം (3) 10(17) വകുപ്പ് പ്രകാരം തന്നിൽ നിക്ഷിപ്തമായിരിക്കുന്ന അധികാരം ഉപയോഗിച്ച് മേൽ സൂചന (5), (6), (7), (8) എന്നിവയിൽ പരാമർശിക്കുന്ന ഹർജിക്കാർക്ക് ടിയാൻമാരുടെ പരാതികൾ പ്രത്യേക കേസായി പരിഗണിച്ച്, മുകളിൽ പരാമർശിക്കപ്പെട്ട കോടതിവിധികൾക്കു വിധേയമായി പുനഃപ്രവേശനവും പരീക്ഷയും നടത്തുവാൻ ഉത്തരവ് നൽകി.

മുകളിൽ പരാമർശിക്കപ്പെട്ട (3)-ാം പേപ്പർ പ്രകാരമുള്ള സർവകലാശാല ഉത്തരവിലെ ബന്ധപ്പെട്ട വ്യവസ്ഥകൾ ഇളവ് ചെയ്ത് കോടതിവിധികൾക്കു വിധേയമായി പുനഃപ്രവേശനം/പരീക്ഷാ നടത്തിപ്പ് എന്നിവ അനുവദിക്കപ്പെടുന്ന വിദ്യാർത്ഥികളുടെ സംക്ഷിപ്ത വിവരണം ചുവടെ ചേർക്കുന്നു:-

| ക്രമ നമ്പർ | വിദ്യാർത്ഥിയുടെ പേര് | റിട്ട് ഹർജി നമ്പർ | കോളേജിന്റെ പേര് | ബി.ടെക് കോഴ്സ് ബ്രാഞ്ച് |
|---|---|---|---|---|
| 1) | കാർത്തിക് ബി. | 32021/2017 | എസ്.സി.എം.എസ് സ്കൂൾ ഓഫ് എഞ്ചിനീയറിംഗ് & ടെക്നോളജി, കറുകുറ്റി, എറണാകുളം | ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിംഗ് 6-ാം സെമസ്റ്റർ |
| 2) | ശ്രീരാജ് എസ്. | 32021/2017 | എസ്.സി.എം.എസ് സ്കൂൾ ഓഫ് എഞ്ചിനീയറിംഗ് & ടെക്നോളജി, കറുകുറ്റി, എറണാകുളം | ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിംഗ് 6-ാം സെമസ്റ്റർ |
| 3) | ശ്രീഹരി. ആർ | 32071/2017 | എസ്.സി.എം.എസ് സ്കൂൾ ഓഫ് എഞ്ചിനീയറിംഗ് & ടെക്നോളജി, കറുകുറ്റി, എറണാകുളം | കമ്പ്യൂട്ടർ സയൻസ് & എഞ്ചിനീയറിംഗ് 6-ാം സെമസ്റ്റർ |
| 4) | വിവേക് വിജയൻ | 32071/2017 | എസ്.സി.എം.എസ് സ്കൂൾ ഓഫ് എഞ്ചിനീയറിംഗ് & ടെക്നോളജി, കറുകുറ്റി, എറണാകുളം | കമ്പ്യൂട്ടർ സയൻസ് & എഞ്ചിനീയറിംഗ് 6-ാം സെമസ്റ്റർ |
| 5) | ഷഹസാദ് മുഹമ്മദ് | 32071/2017 | എസ്.സി.എം.എസ് സ്കൂൾ ഓഫ് എഞ്ചിനീയറിംഗ് & ടെക്നോളജി, കറുകുറ്റി, എറണാകുളം | കമ്പ്യൂട്ടർ സയൻസ് & എഞ്ചിനീയറിംഗ് 6-ാം സെമസ്റ്റർ |
| 6) | ജസ്റ്റൽ വർഗ്ഗീസ് | 32116/2017 | എസ്.സി.എം.എസ് സ്കൂൾ ഓഫ് എഞ്ചിനീയറിംഗ് & ടെക്നോളജി, കറുകുറ്റി, എറണാകുളം | ഓട്ടോ മൊബൈൽ എഞ്ചിനീയറിംഗ് 6-ാം സെമസ്റ്റർ |
| 7) | പ്രേമിൽ പി. | 33885/2017 | ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ് പൈനാവ്, ഇടുക്കി | ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ് 6-ാം സെമസ്റ്റർ |

| | | | | |
|---|---|---|---|---|
| 8) | ജസിം എം.ഇ. | 33885/2017 | ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ് പൈനാവ്, ഇടുക്കി | ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ് 6-ാം സെമസ്റ്റർ |
| 9) | ഷാഹിൻ | 33885/2017 | ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ് പൈനാവ്, ഇടുക്കി | ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ് 6-ാം സെമസ്റ്റർ |

ടി വിദ്യാർത്ഥികളുടെ പുനഃപ്രവേശനം താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായിരിക്കും

1) ടി വിദ്യാർത്ഥികൾ പുനഃപ്രവേശനത്തിനുള്ള ഫീസ് മഹാത്മാഗാന്ധി സർവകലാശാല ഫണ്ടിൽ ഓൺലൈനായി അടച്ചതിന്റെ രേഖ സഹിതം നിർദ്ദിഷ്ട പുനഃപ്രവേശന ഫോറത്തിൽ ക്രമ പ്രകാരം അപേക്ഷ സമർപ്പിക്കണം.

2) ടി വിദ്യാർത്ഥികളുടെ തുടർപഠനവുമായി ബന്ധപ്പെട്ട കോഴ്സ് നടത്തിപ്പിന് സൗകര്യ മൊരുക്കേണ്ടത് കോടതിവിധി പ്രകാരം എ.പി.ജെ. അബ്ദുൾകലാം സാങ്കേതിക സർവകലാശാല ആയിരിക്കും.

3) ടി വിദ്യാർത്ഥികളുടെ യഥാക്രമമുള്ള പരീക്ഷകൾ/ഫലപ്രഖ്യാപനം/സർട്ടിഫിക്കറ്റ് വിതരണം എന്നിവ മുറപ്രകാരം 2010 മുതൽ പ്രാബല്യത്തിലുള്ള ബി.ടെക് റഗുലേഷൻ/സ്കീം/സിലബസ്സ് അനുസരിച്ചുള്ള വ്യവസ്ഥകൾക്കു വിധേയമായി മഹാത്മാഗാന്ധി സർവകലാശാല നിർവഹിക്കുന്നതായിരിക്കും.

തദനുസരണം കോടതിവിധി അനുസരിച്ച് ഉത്തരവാകുന്നു.

ഒപ്പ്/-
**ശ്രീരാജ് ആർ.**
**അസിസ്റ്റന്റ് രജിസ്ട്രാർ II (അക്കാദമിക്)**
**രജിസ്ട്രാർക്കുവേണ്ടി**

പകർപ്പ്:

1) ബന്ധപ്പെട്ട വ്യക്തികൾ (നിർദ്ദിഷ്ട ഫീസ് ഒടുക്കി അപേക്ഷ സമർപ്പിക്കുന്നതിനായി)
2) വൈസ് ചാൻസിലറുടെ/പ്രോ വൈസ് ചാൻസിലറുടെ പി.എസ്.മാർ
3) രജിസ്ട്രാറുടെ/പരീക്ഷാ കൺട്രോളറുടെ/ഫിനാൻസ് ഓഫീസറുടെ പി.എ.മാർ
4) രജിസ്ട്രാർ, എ.പി.ജെ. അബ്ദുൾകലാം സാങ്കേതിക സർവകലാശാല (ആമുഖ കത്ത് സഹിതം)
5) ഡീൻ, ഫാക്കൽറ്റി ഓഫ് എഞ്ചിനീയറിംഗ് & ടെക്നോളജി
6) പ്രിൻസിപ്പാൾ ബന്ധപ്പെട്ട കോളേജുകൾ (അപേക്ഷകൾ ഫോർവേഡ് ചെയ്യുന്നതിനും മറ്റ് തുടർ നടപടികൾക്കുമായി)
7) എ.ആർ./ഡി.ആർ./ജെ.ആർ. (അക്കാദമിക്/പരീക്ഷാ വിഭാഗം)
8) പ്രോഗ്രാമർ ഇൻ ചാൻജ് ഓഫ് സിസ്റ്റം അഡ്മിനിസ്ട്രേറ്റർ (സോഫ്റ്റ്വെയർ മാറ്റങ്ങൾ നടപ്പിലാക്കാനായി)
9) ഇ.ഐ IV/XXIV/ഇഎ I/II/എസിസി I/II/കണ്ടന്റ് മാനേജ്മെന്റ് സെക്ഷനുകൾ
10) പി.ആർ.ഒ/ഇൻഫർമേഷൻ സെന്ററുകൾ/സിടെക്സ് സെക്ഷനുകൾ
11) സ്റ്റാൻഡിംഗ് കൗൺസിൽ (ലീഗൽ സെക്ഷൻ വഴി)
12) റെക്കോർഡ് സെക്ഷൻ/ഫയൽ കോപ്പി/കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

ഫയൽ നം. എസി.എIV/802/2017.